2594079/2018/FIN-PEN-B

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 06-06-2018

ഫയൽ•നം.പെൻ-ബി1(ഇഡിഎൻ-സി3)/25/2017-ധന ഇനം നം: 2215

വിഷയം : ധനകാര്യ വകുപ്പ് - കേരള കലാമണ്ഡലത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

പോൾ ആന്റണി
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

AS (pen)
Pen-B
7/6/18.

2594079/2018/FIN-PEN-B

2215

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | പെൻ-ബി 1 (ഇ ഡി എൻ -സി3)/25/2017-ധന |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | കേരള കലാമണ്ഡലത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 21/05/2018 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി അലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. കെ. രാജശ്രീ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. മനോജ് ജോഷി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 31/05/2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പോൾ ആന്റണി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 01/06/2018 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. ടി.എം.തോമസ് ഐസക്ക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02/06/2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 04/06/2018 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള കലാമണ്ഡലത്തിലെ വിരമിച്ച ജീവനക്കാർക്ക്, 20.01.2016 ലെ സ.ഉ.(പി)നം.09/2016/ധന ഉത്തരവ് പ്രകാരം പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് മന്ത്രിസഭായോഗത്തിനുള്ള ഈ കുറിപ്പ്.

2. കലാമണ്ഡലത്തിൽ പത്താം ശമ്പള പരിഷ്കരണം 05.03.2018 ലെ സ.ഉ.(കൈ)12/2018/സി.എൽ.എ.ഡി ഉത്തരവ് പ്രകാരം നടപ്പിലാക്കിയ സാഹചര്യത്തിൽ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ ശിപാർശയോടുകൂടി കലാമണ്ഡലത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കണമെന്ന് ഭരണവകുപ്പ് ശിപാർശ ചെയ്തിരിക്കുന്നു.

3. നിലവിൽ ആകെ 37 വിരമിച്ച ജീവനക്കാരാണ് കലാമണ്ഡലത്തിലുള്ളത്. ഇവർക്ക് പെൻഷനുവേണ്ടി പ്രതിമാസം 6,95,283 രൂപ ചെലവഴിക്കുന്നുവെന്നും പെൻഷൻ പരിഷ്കരണം നടത്തിയാൽ വരുന്ന അധിക സാമ്പത്തിക ബാധ്യത പ്രതിമാസം 54,772/- രൂപയും പ്രതിവർഷം 6,57,264/- രൂപയുമാണെന്നും (12 x 54,772) ടി പരിഷ്കരണം നടപ്പിലാക്കിയാൽ കുടിശ്ശിക തുക ഇനത്തിൽ 26,68,358 രൂപ നൽകേണ്ടിവരുമെന്നും ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. കലാമണ്ഡലത്തിലെ വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ 2071-01-109-98(NP-V) എന്ന ശീർഷകത്തിൽ നിന്നാണ് നൽകിവരുന്നത്. 2018-19 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 11,58,90,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

5. ബഹു. മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള കലാമണ്ഡലത്തിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്

എന്നതിനാൽ കലാമണ്ഡലത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിന് ബഹു. മന്ത്രിസഭായോഗ തീരുമാനത്തിന്റെ അനുമതി ആവശ്യമാണ്.

6. പത്താം പെൻഷൻ പരിഷ്കരണം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 20.01.2016-ലെ സ.ഉ.(പി)നം.09/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് കേരള കലാമണ്ഡലത്തിലെ പെൻഷൻ പരിഷ്കരണത്തിന് അനുമതി നൽകാവുന്നതാണ്.

(1) 01.04.2013-ന ശേഷം കലാമണ്ഡലത്തിൽ ജോലിയിൽ പ്രവേശിച്ചവരെ ദേശീയ പെൻഷൻ പദ്ധതിയിൽ (പങ്കാളിത്ത പെൻഷൻ) ഉൾപ്പെടുത്തുന്ന കാര്യം ഭരണവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്

(2) 01.07.2014 ന മുമ്പ് വിരമിച്ച പെൻഷൻകാർ/കുടുംബ പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശിക രണ്ട് തുല്യ ഗഡുക്കളായി, 01.07.2018, , 01.10.2018 എന്നീ തീയതികളിൽ നൽകാവുന്നതാണ്.

(3) 01.07.2014 നോ അതിനു ശേഷമോ വിരമിച്ച ജീവനക്കാരുടെ ഡി.സി.ആർ.ജി, ടെർമിനൽ സറണ്ടർ എന്നിവയുടെ കുടിശ്ശിക മുകളിൽ പറഞ്ഞ തീയതികളിൽ നൽകാവുന്നതാണ്. കമ്മ്യൂട്ടേഷനില്ലുള്ള കുടിശ്ശിക 01.10.2018, 01.12.2018 എന്നീ തീയതികളിൽ രണ്ട് തുല്യ ഗഡുക്കളായി നൽകാവുന്നതാണ്.

(4) വിരമിച്ച ജീവനക്കാരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ, പെൻഷൻ തുക, പ്രതിമാസം ഉണ്ടാകുന്ന ചെലവുകളെക്കുറിച്ചുള്ള വിവരം, പെൻഷൻ ഇനത്തിനായി ചെലവഴിക്കുന്ന തുക സംബന്ധിച്ച റിപ്പോർട്ട് എന്നിവ ട്രഷറി ഡയറക്ടറുടെ പക്കൽ നിന്നും കലാമണ്ഡലത്തിലെ ഫിനാൻസ് ഓഫീസർ ത്രൈമാസ കായളവിൽ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

7. ഇക്കാര്യം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം ഉണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ഈ സാഹചര്യത്തിൽ കേരള കലാമണ്ഡലത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്കും 20.01.2016 ലെ സ.ഉ.(പി)നം.09/2016/ധന എന്ന ഉത്തരവിന്റെ ആനുകൂല്യം, കുറിപ്പിലെ ഖണ്ഡിക 6-ലെ വ്യവസ്ഥകൾക്ക് വിധേയമായി പെൻഷൻ പരിഷ്ക്കരിക്കാമോ?

29/5

31/5/18

1/6

2/6/18